പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3282 — 23.3.2015-ൽ മറുപടിക്ക്

## ഖരമാലിന്യ സംസ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഖരമാലിന്യ സംസ്കരണത്തിന് നടപ്പിലാക്കിയ പ്രോജക്ടുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(എ) സംസ്ഥാനത്തെ നഗരസഭകളിൽ ഖരമാലിന്യ സംസ്കരണ സംവിധാനം നിലവിലില്ലാത്ത നഗരസഭകളിൽ ആയവ സ്ഥാപിക്കുന്നതിനും പൊതുമാലിന്യ സംസ്കരണ സംവിധാനം ഉള്ള നഗരസഭകളിൽ ആയത് ആധുനികവൽക്കരിക്കുന്നതിനും ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിലേയ്ക്കുമായി ഉറവിട മാലിന്യ സംസ്കരണ പദ്ധതികളും നടപ്പിലാക്കി വരുന്നു.

(ബി) ഇത്തരത്തിലുള്ള സംസ്കരണ യൂണിറ്റുകൾ നിലവിലില്ലാത്ത നഗരസഭകൾ സംസ്ഥാനത്തുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പത്തനംതിട്ട നഗരസഭ ഉറവിട മാലിന്യ സംസ്കരണത്തിനുള്ള പദ്ധതി തയ്യാറാക്കി സമർപ്പിക്കാത്തതിനാൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി ടി നഗരസഭയിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടില്ല.

(സി) ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നഗരസഭകൾക്ക് എന്തൊക്കെ ധനസഹായമാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

(സി) പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി പദ്ധതി തുകയുടെ 100% സാമ്പത്തിക സഹായം സംസ്ഥാന സർക്കാർ നൽകി വരുന്നു. ഉറവിട മാലിന്യ സംസ്കരണ പദ്ധതിയിലുൾപ്പെടുത്തി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന നഗരസഭകൾക്ക് 50% സാമ്പത്തിക സഹായം സർക്കാരും 25% സാമ്പത്തിക സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനവും ലഭ്യമാക്കി വരുന്നു. ഇത്തരത്തിൽ ആകെ സർക്കാർ സാമ്പത്തിക സഹായം 75% ആണ്. കൂടാതെ കമ്പോസ്റ്റിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് 75% സർക്കാരും 15% തദ്ദേശ സ്വയംഭരണ സ്ഥാപനവും വഴി ആകെ 90% സബ്സിഡി നൽകി വരുന്നു. കേന്ദ്ര പദ്ധതിയായ UIDSSMT സ്കീം വഴി KSUDP മുഖാന്തിരം മാലിന്യ സംസ്കരണ പദ്ധതികൾക്ക് ധനസഹായം കേന്ദ്ര സർക്കാർ നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ